പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3290 | 24.06.2013 ലെ മറുപടിയ്ക്ക്

കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. പരീക്ഷയുടെ ചോദ്യാവലിയിലെ മലയാള ഭാഷാ ചോദ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. പരീക്ഷയുടെ ചോദ്യാവലിയിൽ മലയാള ഭാഷാ പരിജ്ഞാനം തെളിയിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) സംസ്ഥാനതലത്തിലുള്ളതും ഏതെങ്കിലും പ്രാദേശിക മേഖലയ്ക്ക് മാത്രമായി ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലാത്തതുമായ 08.06.2013 ലെ പരീക്ഷയിൽ മലയാള ഭാഷാ പരിജ്ഞാനം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ സംഭവത്തിൽ പ്രതിഷേധിച്ച് പി.എസ്.സി. നടത്താനിരുന്ന കമ്പനി/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-2, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിൽ നടത്താനിരുന്ന പരീക്ഷ മാറ്റിവച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) കാസറഗോഡ് ജില്ലയിൽ മാത്രം പരീക്ഷ മാറ്റിവയ്ക്കേണ്ടി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) വർഷങ്ങളായി പി.എസ്.സി നടത്തിയിരുന്ന പരീക്ഷാ ചോദ്യാവലിയിൽ പ്രാദേശിക ഭാഷാ പ്രാവീണ്യം തെളിയിക്കേണ്ട സാഹചര്യത്തിൽ കന്നഡ ന്യൂനപക്ഷ ഭാഷയേയും ഉൾപ്പെടുത്തിയാണ് പരീക്ഷ നടത്തിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകളുടെ തെരഞ്ഞെടുപ്പിലേക്കായുള്ള പരീക്ഷകളിലാണ് പ്രാദേശിക ഭാഷാ പ്രാവീണ്യം തെളിയിക്കേണ്ടതിനായി കന്നഡ ന്യൂനപക്ഷ ഭാഷയേയും ഉൾപ്പെടുത്തിയിരുന്നത്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വർഷങ്ങളായി നൽകിയിരുന്ന പ്രസ്തുത അവകാശം ഇപ്പോൾ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ? | ഡി) | സംസ്ഥാന സർക്കാർ മലയാള ഭാഷ സംസ്ഥാനത്തിന്റെ ഭരണ ഭാഷയായി നിശ്ചയിച്ചിരിക്കുന്നതിനാൽ പി.എസ്.സി. മുഖേന സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചു വരുന്നവരുടെ മലയാള ഭാഷയിലുള്ള പ്രാവീണ്യം പരിശോധിക്കേണ്ടുന്നത് ആവശ്യമായി വന്നതിനാലാണ് പരീക്ഷയിൽ മലയാള ഭാഷാ പരിജ്ഞാനം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ